കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആനക്കര ഗ്രാമപഞ്ചായത്ത് - പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.611/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.03.2018.

വായന : 1) ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2017-ലെ A1-6333/17-ാം നമ്പർ കത്തും 15.11.2017-ലെ 2(1) -ാം നമ്പർ ഭരണസമിതി തീരുമാനവും

2) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.48 നമ്പർ യോഗതീരുമാനം

## ഉത്തരവ്

ആനക്കര ഗ്രാമപഞ്ചായത്തിന്റെ "പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം" എന്ന പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് 2016-17, 2017-18 കാലയളവിൽ അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ. ശങ്കരൻ പെറ്റമ്മൽ, ശ്രീമതി ലക്ഷ്മി പിലാച്ചൽ, ശ്രീമതി നിർമ്മല തേനാംകുന്ന് എന്നിവർ മാർഗ്ഗരേഖ പ്രകാരമുള്ള സമയപരിധിക്കുള്ളിലല്ല സമർപ്പിച്ചതെന്നും പ്രസ്തുത അപേക്ഷകർക്ക് ആനുകൂല്യം നല്കുന്നതിന് അനുമതി നൽകണമെന്നും വായന (1) പ്രകാരം ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി .

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം ശ്രീ. ശങ്കരൻ പെറ്റമ്മൽ, ശ്രീമതി ലക്ഷ്മി പിലാച്ചൽ, ശ്രീമതി നിർമ്മല തേനാംകുന്ന് എന്നിവരുടെ മക്കളുടെ വിവാഹത്തിന് ധനസഹായം നല്കുന്നതിന് ആനക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്, ആനക്കര ഗ്രാമ പഞ്ചായത്ത്,കുമ്പിടി പി ഒ,പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ